പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2635 — 09-05-2017-ലെ മറുപടിയ്ക്ക്

## കൃഷിനാശത്തിന്റെ ജില്ലാതിരിച്ചുള്ള കണക്ക്

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.കെ.കുഞ്ഞിരാമൻ** | | ശ്രീ.വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കടുത്ത വരൾച്ചയിൽ എത്ര കോടി രൂപയുടെ കൃഷിനാശം സംഭവിച്ചിട്ടുണ്ട്; ജില്ല അടിസ്ഥാനത്തിലുള്ള കണക്ക് ലഭ്യമാക്കുമോ; | (എ) | സംസ്ഥാനത്ത് വരൾച്ച മൂലം ഏകദേശം 64707 കർഷകരുടെ 43430.43 ഹെക്ടർ കൃഷി നശിച്ചതായും ഏറ്റവും കുറഞ്ഞത് 784.6 കോടി രൂപയുടെ കൃഷിനാശം ഉണ്ടായതായിട്ടുള്ളതുമായാണ് പ്രാഥമിക വിവര റിപ്പോർട്ട് പ്രകാരം കണക്കാക്കിയിട്ടുള്ളത്. എന്നാൽ വിശദമായ കണക്കെടുപ്പ് കഴിയുമ്പോൾ നഷ്ടം വൻതോതിലുണ്ടാകും എന്നാണ് കണക്കാക്കുന്നത്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഇതു സംബന്ധിച്ച് പരിശോധിക്കാൻ കേന്ദ്ര സർക്കാർ പ്രതിനിധി സംസ്ഥാനം സന്ദർശിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ? | (ബി) | സംസ്ഥാനത്തുണ്ടായ നാശനഷ്ടങ്ങൾ വിലയിരുത്തുകയും അതുപ്രകാരം 2017 മാർച്ച് 28-ന് സംസ്ഥാന റവന്യൂ കൃഷി വകുപ്പ് മന്ത്രിമാർ സംയുക്തമായി കേന്ദ്ര കൃഷി വകുപ്പ് മന്ത്രിക്ക് വരൾച്ചാ മെമ്മോറാണ്ടം സമർപ്പിക്കുകയും, ആയതിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര സംഘം ഏപ്രിൽ 19 മുതൽ 21 തീയതി വരെ കേരളം സന്ദർശിച്ച് വരൾച്ച സ്ഥിതി വിലയിരുത്തിയിട്ടുണ്ട്. കൃഷിനാശത്തിന് ആനുപാതികമായി കേന്ദ്രസഹായം ലഭിക്കും എന്നാണ് പ്രതീക്ഷിക്കുന്നത്. |

**സെക്ഷൻ ഓഫീസർ**

അനുബന്ധം

PRELIMINARY REPORT ON DISTRICT WISE CROP DAMAGE DUE TO DROUGHT 2017 - Report as on 02.05.2017

| SL. NO. | DISTRICT | Total area affected(ha) | No of farmers affected | ESTIMATED LOSS (Rs) | ASSISTANCE PROPOSED (Rs) | Remarks |
|---|---|---|---|---|---|---|
| 1 | Thiruvananthapuram | 593.95079 | 11504 | 377464750 | 49461015 | |
| 2 | Kollam | 1977.4255 | 5345 | 771584000 | 152312070 | |
| 3 | Alappuzha | 10413.44 | 8320 | 1230482500 | 166485050 | |
| 4 | Pathanamthitta | 1069.4329 | 933 | 258005250 | 35500580 | |
| 5 | Kottayam | 839.28723 | 3056 | 372033550 | 50336385.5 | |
| 6 | Idukki | 72.025534 | 517 | 23761500 | 2917400 | |
| 7 | Ernakulam | 136.99834 | 1085 | 28693550 | 4050770 | |
| 8 | Thrissur | 2674.6703 | 7250 | 308605500 | 41552505 | |
| 9 | Palakkad | 19234.745 | 18018 | 2087508600 | 284939115 | |
| 10 | Malappuram | 2700.5712 | 1986 | 582422750 | 78598450 | |
| 11 | Kozhikode | 55.638614 | 486 | 14716750 | 2446375 | |
| 12 | Wayanad | 1432.2 | 2761 | 619995000 | 72537800 | |
| 13 | Kannur | 2024.2014 | 2365 | 1109715300 | 168525650 | |
| 14 | Kasaragod | 205.84671 | 1081 | 61040900 | 12393025 | |
| TOTAL | | 43430.43 | 64707 | 7846029900 | 1122056191 | |

(signature)

സെക്ഷൻ ഓഫീസർ